നം. വിജി.5/1912/18

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
ഇ-മെയിൽ : aairrgn@gmail.com
ഫോൺ നമ്പർ : 0471-2321370
തിരുവനന്തപുരം
തീയതി: 13 .08.2020

**കാരണം കാണിക്കൽ നോട്ടീസ്**

മല്ലപ്പള്ളി എം. ഐ. സെക്ഷനിലെ ലസ്കർ ആയിരുന്ന ശ്രീ. സന്തോഷ്.ജി.ബി എന്ന താങ്കൾ വിദേശത്ത് ജോലി ചെയ്യുന്നതിനായി 29.10.2007 ലെ സർക്കാർ ഉത്തരവ് പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായതിനെ തുടർന്ന് 19.11.2007 മുതൽ അവധിയിൽ പ്രവേശിക്കുകയും പ്രസ്തുത അവധി 18 .11 .2012 ൽ അവസാനിക്കാനിരിക്കെ 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടി 29.06 .2012 ാം തീയതിയിൽ താങ്കൾ സമർപ്പിച്ച അവധി അപേക്ഷയും തുടർന്ന് മൂന്നാംഘട്ടം 5 വർഷത്തേക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 02.08.2017 ാം തീയതിയായി സമർപ്പിച്ച അവധി അപേക്ഷയും അനുവദിക്കപ്പെടാതെ തന്നെ താങ്കൾ ജോലിയിൽ നിന്ന് അനധികൃതമായി വിട്ടു നിൽക്കുന്നതായി ഈ കാര്യാലയത്തിലെ ഭരണ വിഭാഗത്തിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും 18.9.2018 ലെ വിജി.5/1912/2018 നമ്പരായി കുറ്റപത്രം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത കുറ്റപത്രം താങ്കൾക്ക് വേണ്ടി താങ്കളുടെ ഭാര്യ 06.07.2019 ന് കൈപ്പറ്റിയെങ്കിലും ആയതിനുള്ള മറുപടി താങ്കൾ സമർപ്പിച്ചിരുന്നില്ല.

മറുപടി ലഭിക്കാത്തതിനെ തുടർന്ന് 1960 ലെ KCS(CCA) ചട്ടപ്രകാരം ഔപചാരിക അന്വേഷണം നടത്തുകയും അന്വേഷണത്തിൽ താങ്കൾ ഇപ്പോഴും വിദേശത്ത് ജോലി നോക്കുകയാണെന്ന് ബോധ്യപ്പെട്ടുകയും ആയതിനെ സാധൂകരിക്കുന്നതായ താങ്കളുടെ ഭാര്യയുടെ രേഖാമൂലമായ മൊഴി ലഭിക്കുകയും ചെയ്തിരുന്നു.

ഈ സാഹചര്യത്തിൽ ശൂന്യവേതനാവധി അനുവദിക്കപ്പെടാതെ തന്നെ താങ്കൾ വിദേശത്ത് ജോലി ചെയ്യുന്നതായി ഉറപ്പായ സാഹചര്യത്തിൽ 1960 ലെ KCS(CCA) ചട്ടം 11(i)(vii) പ്രകാരം താങ്കളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുവാനായി താല്ക്കാലികമായി തീരുമാനിക്കുകയും ഇക്കാര്യം അറിയിച്ചുകൊണ്ട് 18/6/2020 ലെ വിജി.5/1912/18 നമ്പരായിഒരു നോട്ടീസ് രജിസ്റ്റേഡ് തപാൽ മാർഗ്ഗം താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ അയയ്ക്കുകയും ചെയ്തിരുന്നു.എന്നാൽ പ്രസ്തുത നോട്ടീസ് 'മേൽ വിലാസക്കാരൻ ഇന്ത്യ വിട്ടു' എന്ന അഭിപ്രായത്തോടെ തപാൽ വകുപ്പ് മടക്കി അയച്ചിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ മേൽ തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ജലസേചന വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ കാര്യത്തിൽ താങ്കൾക്കൊന്നും ബോധിപ്പിക്കുവാനില്ല എന്നനുമാനത്തിൽ ആദ്യഘട്ട ശൂന്യവേതനാവധി അവസാനിച്ചതിനെ തുടർന്ന് ജോലിയിൽ ഹാജരാകേണ്ട തീയതിയായ 18.11.2012 മുതൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനെടുത്ത താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

ചീഫ് എഞ്ചിനീയർ

സന്തോഷ്. ജി. ബി
സന്തോഷ് ഭവൻ
വല്ലൂർക്കാട്
[illegible], പത്തനംതിട്ട

v.p.11.8.2020